**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **18-09-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ആധുനിക രീതിയിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിയ്ക്ക് കോഴിക്കോട് ജില്ലാകളക്ടറിൽ നിന്നും 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് 22.10.2024 ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ബിബിൽ കുമാർ, മാളിക്കടവ്, കോഴിക്കോട് എന്ന കരാറുകാരനുമായി 18.12.2024 ന് 73,35,186/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പഞ്ചായത്ത് മുഖേന പൂർത്തിയായതിനുശേഷം 10.06.2025 നാണ് പ്രവൃത്തി ആരംഭിച്ചത്.<br><br>നിലവിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫെൻസിംഗ്, ഡ്രൈ റബിൾ (കരിങ്കൽ കെട്ട്), വാക്ക് വേ എന്നിവ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുകയും ഇതിൽ പ്ലിന്ത് ലെവൽ വരെയുള്ള ഡ്രൈ റബിൾ വർക്കും അതിന്റെ ഫൗണ്ടേഷന്റെ ബെൽറ്റ് കോൺക്രീറ്റും പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലത്ത് ഗ്രൗണ്ട് ഡെവലപ്മെന്റിന് ആവശ്യമായ മണ്ണ് സൈറ്റിൽ എത്തിച്ചെങ്കിലും മഴ കാരണം മണ്ണിൽ ഈർപ്പം നിലനിന്നു ചെളിയായതിനാൽ മണ്ണ് അരിക്കുവാനോ, അനുബന്ധ പ്രവൃത്തികൾ ആരംഭിക്കുവാനോ സാധിച്ചിട്ടില്ല. ഡി.പി.ആർ. വർക്ക് നിലവിൽ നടന്നു വരുന്നു. ടി പ്രവൃത്തി 2026 ജനുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിയ്ക്ക് കോഴിക്കോട് ജില്ലാകളക്ടറിൽ നിന്നും 99 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് 22.10.2024 ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ബിബിൽ കുമാർ, മാളിക്കടവ്, കോഴിക്കോട് എന്ന കരാറുകാരനുമായി 18.12.2024 ന് 73,35,186/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പഞ്ചായത്ത് മുഖേന പൂർത്തിയായതിനുശേഷം 10.06.2025 നാണ് പ്രവൃത്തി ആരംഭിച്ചത്.<br><br>നിലവിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫെൻസിംഗ്, ഡ്രൈ റബിൾ (കരിങ്കൽ കെട്ട്), വാക്ക് വേ എന്നിവ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുകയും ഇതിൽ പ്ലിന്ത് ലെവൽ വരെയുള്ള ഡ്രൈ റബിൾ വർക്കും അതിന്റെ ഫൗണ്ടേഷന്റെ ബെൽറ്റ് കോൺക്രീറ്റും പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലത്ത് ഗ്രൗണ്ട് ഡെവലപ്മെന്റിന് ആവശ്യമായ മണ്ണ് സൈറ്റിൽ എത്തിച്ചെങ്കിലും മഴ കാരണം മണ്ണിൽ ഈർപ്പം നിലനിന്നു ചെളിയായതിനാൽ മണ്ണ് അരിക്കുവാനോ, അനുബന്ധ പ്രവൃത്തികൾ ആരംഭിക്കുവാനോ സാധിച്ചിട്ടില്ല. ഡി.പി.ആർ. വർക്ക് നിലവിൽ നടന്നു വരുന്നു. ടി പ്രവൃത്തി 2026 ജനുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ